**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4378 17.05.2017 ൽ മറുപടിക്ക്

# സർക്കാർ, സ്വകാര്യ ആശുപത്രികളിൽ സിസിടിവി ക്യാമറകൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും തീവ്ര പരിചരണ വിഭാഗത്തിലും, ഓപ്പറേഷൻ തീയേറ്റർ എന്നിവിടങ്ങളിൽ സിസിടിവി ക്യാമറകൾ നിർബന്ധമാക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | ആശുപത്രികളിലെത്തുന്ന രോഗികളുടെ പ്രത്യേകിച്ച് സ്ത്രീ രോഗികളുടെ സ്വകാര്യതയെ ബാധിക്കുന്ന വിഷയമായതിനാൽ ഇക്കാര്യത്തിൽ വിശദമായ പഠനം ആവശ്യമാണ്. |
| (സി) | സർക്കാർ , സ്വകാര്യ ആശുപത്രികളിലെ തീവ്ര പരിചരണവിഭാഗത്തിലും ഓപ്പറേഷൻ തിയേറ്ററുകളിലും സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | വിവിധ അവസ്ഥയിലുള്ള രോഗികൾ ഒരു ഐ.സി.യു.-വിൽ ഉള്ളപ്പോൾ സി.സി.റ്റി.വി-കൾ നഴ്സിംഗ് സ്റ്റേഷനുകളുമായി മാത്രം ബന്ധിപ്പിച്ച് സ്ഥാപിക്കുന്നത് അനുയോജ്യമായിരിക്കും. അവ പൊതുവായ സ്ഥലത്ത് ആരോഗ്യപ്രവർത്തകർ അല്ലാത്തവർ വീക്ഷിക്കുന്നത് രോഗിയുടെ സുരക്ഷിതത്വത്തിനും സ്വകാര്യതയ്ക്കും നല്ലതല്ല. |

സെക്ഷൻ ഓഫീസർ